LIBRARY ARCHIVES Kerala Legislative Assembly

കാവുകളെ സംരക്ഷിക്കാൻ നടപടി

47 [2910] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യേറ്റത്തിനിരയായും ആവശ്യമായ സംരക്ഷണം ലഭിക്കാതെയും നശിച്ചുകൊണ്ടിരിക്കുന്ന കാവുകളെ സംരക്ഷിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെ കാവുകളുടെ സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന കാവുകളിലെ കയ്യേറ്റം ഒഴിവാക്കുവാനായി അവിടെ മുള്ളുവേലി കെട്ടിയും മതിൽ കെട്ടിയും അതത് ബോർഡുകൾ സംരക്ഷിച്ചുവരുന്നുണ്ട്. മലബാറിലെ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ നശിച്ചുകൊണ്ടിരിക്കുന്ന കാവുകളെ സംരക്ഷിക്കുന്നതിനായി, സർക്കാരിന്റെ സഹായത്തോടെ, ക്ഷേത്രഭൂമി റീസർവ്വേ ചെയ്യാനും ഭൂമി മതിൽ കെട്ടി സംരക്ഷിക്കാനും ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ സ്വകാര്യ കാവുകളെ സംബന്ധിച്ച് നിലവിൽ ദേവസ്വംവകുപ്പിന് പദ്ധതികളൊന്നുമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

"തൂക്കം" എന്ന അനുഷ്ഠാനം

48 [2911] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. പി. അനിൽകുമാർ:
,, തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്ഷേത്രങ്ങളിൽ തൂക്കം നടക്കുന്നുണ്ട്; തൂക്കം നടത്തുന്നതിന്റെ ചര്യകളും രീതിയുമെന്തെന്ന് വിശദീകരിക്കുമോ;

(ബി) ഈ അനുഷ്ഠാനത്തിനെതിരെ പൊതുജനാഭിപ്രായം ഉയർന്നിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത തൂക്കം നിയമം മൂലം നിർത്തലാക്കുവാൻ നടപടിയെടുക്കുമോ?